കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. ഈ പദ്ധതിപ്രകാരം പച്ചപ്പുൽകൃഷി, പുൽകൃഷിക്കായുള്ള ജലസേചന സൗകര്യം, വേനൽക്കാലത്ത് പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റ വിതരണം, വ്യാപാരാടിസ്ഥാനത്തിൽ ഡയറി യൂണിറ്റുകൾ തുടങ്ങുക, വിപണനത്തിനായി ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, പുതിയ കാലിത്തൊഴുത്ത് നിർമ്മിക്കുക, നിലവിലുള്ളവ അറ്റകുറ്റപ്പണി നടത്തുക എന്നിവയാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) ഇത് ഒരു തുടർ പദ്ധതിയാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) ഈ പദ്ധതിയിലൂടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുകയും കാലിത്തൊഴുത്ത് പുനഃക്രമീകരിക്കുകയും ചെയ്യുന്നതിലൂടെ കർഷകന് സഹായം ലഭിക്കുന്നു.

(ഡി) കേന്ദ്രത്തിൽനിന്നും ഈ പദ്ധതിക്കായി സഹായമൊന്നും ലഭിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ അഞ്ച് വർഷത്തെ ടേൺ ഓവർ

*23 [439] ഡോ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

" കെ. സി. ജോസഫ്:

" കെ. പി. മോഹനൻ:

" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഓരോ വർഷത്തേയും ടേൺ ഓവർ എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ടേൺ ഓവറിലൂടെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിൽ ഓരോ വർഷവും ലഭിച്ച ലാഭം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ടേൺ ഓവർ വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കാർഷികവിള രോഗങ്ങൾക്ക് ശാശ്വതപരിഹാരം

*24 [440] ശ്രീ. എ. പി. അനിൽകുമാർ:

„ എം. മുരളി:

„ കെ. ബാബു:

„ ഡൊമിനിക് പ്രസന്റേഷൻ:

„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന്റെ ദ്രുതവാട്ടം, കമുകിന്റെ മഞ്ഞളിപ്പ്, ഇഞ്ചിയുടെ മഹാളി, കാപ്പിയുടെ കായ്തുരപ്പ് എന്നീ രോഗങ്ങൾ സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ബാധിക്കാൻ തുടങ്ങിയിട്ടെത്രകാലമായി;

(ബി) ഈ രോഗങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തിയിട്ടുണ്ടോ;

(സി) കേരള കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ഈ രോഗങ്ങൾക്കു പരിഹാരം കാണാൻ എന്തെല്ലാം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്;

(ഡി) എത്ര കാലമായി ഇക്കാര്യത്തിന് ഗവേഷണം നടത്തുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) ആരുടെ നേതൃത്വത്തിലാണ് ഗവേഷണം നടത്തുന്നത്;

(എഫ്) ഇതുവരെയുള്ള ഗവേഷണ ഫലം വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കഴിഞ്ഞ 25 കൊല്ലങ്ങളായി കുരുമുളകിന്റെ ദ്രുതവാട്ടം, കമുകിന്റെ മഞ്ഞളിപ്പ്, ഇഞ്ചിയുടെ മഹാളി, കാപ്പിയുടെ കായ്തുരപ്പ് തുടങ്ങിയവ കേരളത്തിൽ കണ്ടുവരുന്നു.

(ബി) രോഗതീവ്രതയനുസരിച്ചുള്ള വിവിധ നിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

---

† അനുബന്ധം II എ ആന്റ് ബി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[21-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *23 (439)-ന്റെ ഉത്തരം ദയവായി കാണുക.]

കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ടേൺ ഓവർ

(കോടി രൂപയിൽ)

വർഷം	*ചിട്ടി+അഡ്വാൻസ്*	*നിക്ഷേപം*	*ആകെ*
1999-2000	1468.72	757.99	2226.71
2000-2001	1256.43	883.80	2640.23
2001-2002	1965.95	1217.27	3183.22
2002-2003	2105.33	1429.67	3535.00
2003-2004	2206.51	1448.69	3655.23

(പ്രൊവിഷണൽ)

അനുബന്ധം II (എ)

[21-7-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *23 (439)-ന്റെ ഉത്തരം ദയവായി കാണുക.]

കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ലാഭം

(കോടി രൂപയിൽ)

വർഷം	*ലാഭം*
1999-2000	7.93
2000-2001	23.38
2001-2002	28.46
2002-2003	38.31
2003-2004	55.00

(ഓഡിറ്റിനു വിധേയം)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (ബി)

[21-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *23 (439)-ന്റെ ഉത്തരം ദയവായി കാണുക.]

1. ചിട്ടിപ്പണം കൈപ്പറ്റുന്നതിനായി "സ്വർണ്ണം" സെക്യൂരിറ്റി ആയി സ്വീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.

2. വ്യക്തിഗത വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുകയും വായ്പയായി നൽകുന്ന തുകയുടെ പരിധി ഉയർത്തുകയും ചെയ്തു.

3. ഹയർ പർച്ചേസ് പദ്ധതിയിൽ ഡിമിനിഷിംഗ് പലിശ നിരക്ക് സമ്പ്രദായം നടപ്പിലാക്കി.

4. സ്വർണ്ണ വായ്പകൾ സുഗമമാക്കുന്ന 'സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടർ' പദ്ധതി വിപുലീകരിക്കുകയും പലിശ നിരക്ക് കുറയ്ക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ ഗോൾഡ് ലോൺ പദ്ധതി 172 ശാഖകളിലേക്ക് വ്യാപിപ്പിച്ചു. കൂടാതെ ഏകദേശം 5.5 കോടി രൂപ ബിസിനസ്സുണ്ടായിരുന്ന സ്വർണ്ണ വായ്പാ പദ്ധതി ഏകദേശം 165 കോടി രൂപയോളമായി ഉയർത്താൻ കഴിഞ്ഞതും ഈ സർക്കാരിന്റെ കാലത്താണ്.

5. സ്പെഷ്യൽ 'കാർ ലോൺ' പദ്ധതി ആവിഷ്ക്കരിച്ചു.

6. ചിട്ടിപ്പണം കൈപ്പറ്റിയ മുടക്കില്ലാത്ത ചിറ്റാളന്മാർക്ക് സ്വഭാവികമായോ അപകടത്തിലൂടെയോ മരണം സംഭവിക്കുകയാണെങ്കിൽ അവരുടെ ചിട്ടി ബാദ്ധ്യത 1,00,000 രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി, ഇളവ് അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു. നിലവിലുള്ള മുടക്കമില്ലാത്ത ചിറ്റാളന്മാർക്കും ഈ ആനുകൂല്യം ലഭ്യമാണ്.

7. ബിസിനസുകാരേയും പ്രൊഫഷണലുകളേയും ഉൾപ്പെടുത്തി വായ്പകൾക്കുള്ള ജാമ്യവ്യവസ്ഥകൾ വിപുലീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly